**സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി**

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് - ജീവനകാര്യം - ലാസ്റ്റ് ഗ്രേഡ് സെർവന്റ് ജീവനക്കാർക്ക് തസ്തിക മാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. 31/01/1978 ലെ ജി.ഒ(പി) നം.78/78/ജിഎഡി നമ്പർ സർക്കാർ ഉത്തരവ്.
2. 20/02/2009 ലെ ജി.ഒ(പി) നം.9/2009/പിഎൽജി നമ്പർ സർക്കാർ ഉത്തരവ്.
3. 05/09/2012 ലെ ജി.ഒ(എം.എസ്) നം.487/2012/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
4. ഈ ആഫീസിലെ 11/07/2016 ലെ ഇഎ(1) 2016/2016/ഡിഇഎസ് നമ്പർ ഉത്തരവ്.
5. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറയക്ടറുടെ 20/07/2016 ലെ ഇ-മെയിൽ സന്ദേശം.
6. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറയക്ടറുടെ 19/07/2016 ലെ എ1.2815/15/ഡിഒപിറ്റി നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇഎ(3) 14/2014/ഡിഇഎസ്, തീയതി: 26-07-2016**

കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ബി.എ(ഇക്കണോമിക്സ്)/ബി.എസ്.സി (മാത്സ്/സ്റ്റാറ്റിസ്റ്റിക്സ്) / ബികോം വിത്ത് സ്റ്റാറ്റിസ്റ്റിക്സ് / ബികോം വിത്ത് ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ് യോഗ്യത ഉള്ളവരും മൂന്നു വർഷസേവനം പൂർത്തിയാക്കിയിട്ടുള്ളതുമായ ജീവനക്കാർക്കും പരാമർശം (2) പ്രകാരം സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനു മുൻപ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരിൽ പത്താം തരം പാസായിട്ടുള്ളവർക്കും നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിൽ 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

ആഫീസ് അറ്റൻഡന്റുമാര ുടെ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രകാരം നിശ്ചിത യോഗ്യതയുള്ള ക്രമ നമ്പർ. 6 ആയിട്ടുള്ള കാർത്തികപ്പള്ളി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിലെ ശ്രീമതി.സുഭദ്ര.എസ് ന് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- 2 ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുള്ളതായി കാണുന്നു.

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- 2 ആയി ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ ആലപ്പുഴ ജില്ലയിൽ നിമയനം നൽകണമെന്ന് ശ്രീമതി.സുഭദ്ര. എസ് അപേക്ഷിച്ചിട്ടുണ്ട്. തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി ആലപ്പുഴ ജില്ലയിൽ നിലവിൽ ഒഴിവ് ഇല്ല എന്ന് ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി.സുഭദ്ര.എസ് നെ 22200-48000 രൂപ പരിഷ്കരിച്ച ശമ്പള സ്കെയിലിൽ തസ്തിക മാറ്റ നിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- 2 ആയി ഉദ്യോഗക്കയറ്റം നൽകി പത്തനംതിട്ട ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ആഫിസിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ആലപ്പുഴ ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ശ്രീമതി.സുഭദ്ര.എസ് ന് നിയമനം നൽകേണ്ടതും ടി വിവരം ഈ ആഫിസിൽ അറിയിക്കേണ്ടതുമാണ്.

ടിയാൾ യഥാസമയം വിടുതൽ ചെയ്ത് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പത്തനംതിട്ട ജില്ലാ ആഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതാണ്.

(ഒപ്പ്)
**ഐ.എസ്.സുഭാഷ്ചന്ദ്ര ബോസ്,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

പകർപ്പ്:-

1) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ആഫീസ്, പത്തനംതിട്ട
2) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ആഫീസ്, ആലപ്പുഴ
3) ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ന്റെ സി.എ
4) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ന്റെ സി.എ
5) ഗ്രഡേഷൻ സെൽ
6) ഫയൽ / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

എസ് സി /27/07